# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2957 15/12/2015 ൽ മറുപടിക്ക്

## ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ സഹായങ്ങൾ

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ.പി.തിലോത്തമൻ | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ; | എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ സ്കൂളുകളിലും പഠിക്കുന്ന ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളനുസരിച്ച് ഹോസ്ററൽ അലവൻസ്, ബോർഡിംഗ് ഗ്രാന്റ്, യൂണിഫോം അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, ബുക്ക് ആന്റ് സ്റ്റേഷനറി അലവൻസ് തുടങ്ങി വിവിധ സാമ്പത്തിക ആനുകൂല്യങ്ങളും സഹായോപകരണങ്ങളും നൽകി വരുന്നു. കൂടാതെ പ്രത്യേക പരിശീലനം നേടിയ അദ്ധ്യാപകർ, റിസോഴ്സ് അദ്ധ്യാപകർ, അറ്റൻഡന്റ്/ആയമാർ എന്നിവരുടെ സേവനങ്ങളും നൽകി വരുന്നു..<br>മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ട് മുഖാന്തിരം നൽകുന്ന ഗ്രാന്റ് വർഷം തോറും നൽകുന്നുണ്ട്. ചില സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ ദീൻ ദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീമിൽനിന്നും (DDRS) സാമ്പത്തിക സഹായവും ലഭിച്ചുവരുന്നു. |
| ബി) ഭിന്നശേഷിയുള്ള കുട്ടികളെ പഠിപ്പിക്കുന്നതിന് അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ടോ; ഇപ്രകാരം ഭിന്നശേഷിയുള്ള കുട്ടികൾക്കായി ആലപ്പുഴ ജില്ലയിൽ ഏതെല്ലാം വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഇവിടെ എല്ലാ വിഷയങ്ങളും പഠിപ്പിക്കുന്നതിന് ആവശ്യത്തിന് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ ; | ബി) | ഭിന്നശേഷിയുള്ള കുട്ടികളെ പഠിപ്പിക്കുന്നതിന് നിയമിക്കപ്പെട്ട അദ്ധ്യാപകർ B.Ed. in Special Education/Diploma in Special Education പാസ്സായിട്ടുള്ളവരാണ്. ഇതിനു പുറമേ വിദ്യാഭ്യാസ വകുപ്പ്, ഡയറ്റ്, ആർ.എം.എസ്.എ, എസ്.എസ്.എ, എസ്.ഇ.ആർ.ടി. എന്നീ ഏജൻസികൾ മുഖേന നടത്തുന്ന അദ്ധ്യാപക പരിശീലനങ്ങളിലും ഈ അദ്ധ്യാപകരെ പങ്കെടുപ്പിക്കുന്നു. ആലപ്പുഴ ജില്ലയിലെ എല്ലാ പൊതു വിദ്യാലയങ്ങളിലും ഭിന്നശേഷിയുള്ള കുട്ടികൾക്ക് പഠിക്കുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. സങ്കലിത വിദ്യാഭ്യാസം (IEDSS) പദ്ധതിയനുസരിച്ച് 34 അദ്ധ്യാപകരെ ആലപ്പുഴ ജില്ലയിൽ നിയമിച്ചിട്ടുണ്ട്. എസ്.എസ്.എ വഴിയും റിസോഴ്സ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഭിന്നശേഷിയുള്ള കുട്ടികളെ പഠിപ്പിക്കുന്ന വിദ്യാലയങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിന് സ്ഥിരം സംവിധാനമുണ്ടോ; എങ്കിൽ ആരുടെ ചുമതലയിലാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | സി) | സങ്കലിത വിദ്യാഭ്യാസം/സംയോജിത വിദ്യാഭ്യാസം എന്നിവ നടപ്പാക്കുന്നതിന് സ്ഥിര സംവിധാനം വിദ്യാഭ്യാസ വകുപ്പിൽ നിലവിലുണ്ട്. നടത്തിപ്പ് ചുമതല ഡെപ്യൂട്ടി ഡയറക്ടർ (ഐ.ഇ.ഡി) യ്ക്ക് ആണ്. സ്പെഷ്യൽ സ്കൂളുകളുടെ പ്രത്യേക ചുമതല നിർവ്വഹിക്കുന്നത് വിദ്യാഭ്യാസ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ (എംപ്ലോയ്മെന്റ്) ആണ്. വിദ്യാഭ്യാസ വകുപ്പിൽ ഇവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് മാത്രമായി ഒരു സ്ഥിര സംവിധാനം നിലവിൽ ഇല്ല. |

സെക്ഷൻ ഓഫീസർ